DESPATCHED
On..15/12/21

01/11/21

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം 695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email sic.ker@nic.in

ഹർജി നമ്പർ CP.No.106(4)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No.793/SIC-Gen 2/2021
സന്നിഹിതൻ
ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ശേഖര .എ,
S/o. തിർകൻ (L),
അഡ്രുഗുളി ഹൗസ്,
എഡ്നീർ പി.ഒ.,
കാസർഗോഡ് - 671 541.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജോയിന്റ് ഡയറക്ടർ,
റീജിയണർ ഫോറൻസിക് സയൻസ് ലബോറട്ടറി,
കണ്ണൂർ- 670 002.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 07.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.01.2021 |
| പരാതി ഹർജി കമ്മീഷനിൽ നൽകിയ തീയതി | 13.01.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 16.01.2021 |

## ഉത്തരവ്

തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട ഒരു പെൺകുട്ടിയുടെ സ്രവ പരിശോധനാ റിപ്പോർട്ട് അടക്കമുള്ള വിവരങ്ങൾ ആവശ്യപ്പെട്ട് എതിർകക്ഷിക്ക് (കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ SPIO) 07.12.2020ൽ നൽകിയ വിവരാവകാശ അപേക്ഷയക്ക് മറുപടി ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 27.10.2021ൽ കമ്മീഷൻ കണ്ണൂർ കളക്ടറേറ്റിൽ ഹിയറിങ്ങ് നടത്തി. ഇരു കക്ഷികളും ഹിയറിങ്ങിൽ പങ്കെടുത്തു.

3. 09.12.2020ലെ വിവരാവകാശ അപേക്ഷയ്ക്ക് 08.01.2021ൽ മറുപടി നൽകിയെന്നും, സ്രവ പരിശോധനാ റിപ്പോർട്ട് രഹസ്യ സ്വഭാവമുള്ള രേഖയായതുകൊണ്ട് അത് സീലു വച്ച കവറിൽ കോടതിയിൽ നേരിട്ടു ഹാജരാക്കുന്നതാണെന്നും, അതുകൊണ്ടാണ് അത് നൽകാതിരുന്നതെന്നും എതിർകക്ഷി ഹിയറിങ്ങിൽ പറഞ്ഞു.

4. വൈകി ഹിയറിങ്ങിനെത്തിയ പരാതി ഹർജിക്കാരൻ, ടി റിപ്പോർട്ട് നൽകുന്നത് വിവരാവകാശ നിയമം വിലക്കിയിട്ടുള്ളതല്ലെന്നും, അതുകൊണ്ട് അത് ലഭിക്കേണ്ടതാണെന്നും പറഞ്ഞു.

5. ഇരു കക്ഷികളുടെയും മൊഴികളും, അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയുടെ ദുരൂഹ മരണവുമായി ബന്ധപ്പെട്ട സ്രവ പരിശോധനാ റിപ്പോർട്ട് പുറത്തു പോകുന്നത് ശരിയായ കാര്യമല്ലെന്നും, അതുകൊണ്ട് എതിർകക്ഷി സ്വീകരിച്ച നിലപാട് ശരിയാണെന്നും കമ്മീഷൻ വിലയിരുത്തുന്നു.

6. ഇതിന്റെ അടിസ്ഥാനത്തിൽ പരാതി ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 01.11.2021ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

gk.